For Private Circulation Only

August 2021

ആഗമനാരുണൻ

HOLY BIBLE

Vol.68

" എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു .... സാക്ഷികൾ ആകും" (അ.പ്ര.1:8)

No.8

ആത്മനിറവിൽ ജീവിക്കുന്ന ഒരുവന്റെ സ്നേഹം

By Wesley L. Duewel (1916-2016)

ഒരു ദൈവപൈതൽ മല മുകളിൽ പണിതുയർത്തിയിരി ക്കുന്ന ഒരു പട്ടണംപോലെ യാണ് (മത്താ. 5:14). നമ്മൾക്ക് ഒരിക്കലും ഒളിച്ചിരിയ്ക്കുവാൻ സാധിക്കുകയില്ല. നമ്മൾ ദൈവ ത്തിനു നന്ദികരേറ്റിയിരിക്കു ന്നു. എന്തുകൊണ്ടെന്നാൽ ഇത് നമ്മൾക്ക് ലഭിച്ചിരിക്കുന്ന ഒരു നല്ല അവസരമാണ്. ദൈവ ത്തിനു മഹത്വം കൊടുക്കുവാ നുള്ള ഈ കാലഘട്ടം. എന്നാൽ പലപ്പോഴും അക്രൈ സ്തവരായിട്ടുള്ള പ്രിയപ്പെട്ട വർ പലപ്പോഴും ദൈവമക്കളാ യിട്ടുള്ളവരുടെ ജീവിതവും പ്രവൃത്തികളും കണ്ടിട്ട് ദൈവത്തെ പുച്ഛിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ലോക മനുഷ്യർ ദൈവ ത്തെ പഴിക്കുകയാണ് രക്ഷിക്ക പ്പെട്ട നമ്മളെ കണ്ടിട്ട്. അവർ കാണുന്നില്ല ദൈവ സ്നേഹം നിറയപ്പെടുന്നത് നമ്മുടെ ശുശ്രൂഷകളിൽ. പുറമേ നാം കാണിക്കുന്ന പ്രവൃത്തിയിൽ കൂടി മാത്രമാണ് ലോകം നമ്മളെ അറിയുന്നത്. അവ രുടെ ജീവിത നിലവാരങ്ങളെ ക്കാളും മൂല്യങ്ങളെക്കാളും കൂടുതലായിട്ട് നമ്മളിൽ നിന്നു അവരൊക്കെ പ്രതീക്ഷിച്ചിരി ക്കുന്നത്.

നമ്മുടെ തെറ്റുകൾ കാണാ ത്തവരായിട്ടല്ല നമ്മൾ ആകേ ണ്ടത്. പ്രത്യുത അതെല്ലാം വളരെ അംഗീകരിക്കുകയാണ് ചെയ്യേണ്ടത്. നമ്മുടെ വാക്കു കൾ ശ്രദ്ധയില്ലാതെ പ്രയോഗി ക്കുവാനല്ല, നമ്മുടെ പ്രവൃത്തി കൾ വളരെ ക്രൂരത ഉള്ള താക്കി തീർക്കുവാനുമല്ല. നമ്മൾ വളരെ നയത്തോടെ വേണം കാര്യങ്ങൾ ചെയ്യു വാൻ. പട്ടിണി അനുഭവിക്കുന്ന വരും പരാജിതരുമായ ജന ങ്ങൾ നമ്മളെ ശ്രദ്ധിച്ചുകൊണ്ടി രിക്കുകയാണ്. നമ്മൾ ആത്മാ വിന്റെ ഫലങ്ങൾ പുറപ്പെടുവി ക്കുന്നുവെങ്കിൽ നമ്മുടെ ജീവി തങ്ങളിൽ കൂടി, വിശപ്പ് അനു ഭവിക്കുന്നവരായ മറ്റനേകം പേർ കർത്താവിന്റെ സന്നിധി യിൽ വരുകയും അവർ ദൈവത്തെ മഹത്വപ്പെടുത്തു കയും ചെയ്യും.

വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇവിടുള്ളത്, ദൈവം വളരെ ഉയർന്ന നിലവാരത്തി ലുള്ള ഒരു ധാർമ്മിക ജീവിതം നമ്മിൽ കൂടി പ്രതീക്ഷിച്ചിരിക്കു കയാണ്. അവിടുന്ന് പുത്രനെ നമ്മുടെ വിശുദ്ധീകരണത്തിനാ യിട്ടു മരണത്തിനും ഏല്പിച്ചു/ ബലികഴിച്ചു. ക്രിസ്തുവോ വളരെ സന്തോഷത്തോടെ നമ്മുടെ പാപങ്ങൾക്കും അകൃ ത്യങ്ങൾക്കും പകരമായിട്ടു കാൽവറി കുരിശിൽ പ്രായശ്ചി ത്തമായി. അതുപോലെ പരിശു ദ്ധാത്മാവ് നമ്മിൽ പ്രവൃത്തി ക്കുന്നത് കേവലം നമ്മളെ കഴുകി വിശുദ്ധീകരിക്കുവാൻ വേണ്ടി മാത്രമല്ല, അതിലുപരി വാക്കിലും പ്രവൃത്തിയിലും ദൈവനാമം മഹത്വപ്പെടുവാൻ വേണ്ടി സദാസമയം പരിശു ദ്ധാത്മാവ് നമ്മളെ സഹായി ക്കുകയാണ് ചെയ്യുന്നത്. നമ്മുടെ അതിപരിശുദ്ധനായ ത്രിയേക ദൈവത്തെ ഒരി ക്കലും ദുഃഖിപ്പിക്കുവാൻ ശ്രമി ക്കരുത്. നമ്മളിൽ കൂടി അവൻ പരാജിതനായി തീരുക യാണോ? എത്രയോ ആവശ്യ മായിരിക്കുന്നു മറ്റുള്ളവരുമാ യിട്ടുള്ള നമ്മുടെ ബന്ധങ്ങ ളിൽ കൂടി വളരെ ധാർമ്മിക മൂല്യമുള്ള ജീവിതം സ്ഥിരമാ യിട്ടു നമ്മൾ നയിക്കേണ്ടിയിരി ക്കുന്നത്.

ആത്മനിറവുള്ളവരുടെ സ്നേഹം സത്യസന്ധമാണ്. ഇതാണ് 1 കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ പരാമർശി ക്കപ്പെട്ടിരിക്കുന്നത്. അവിടെ അസൂയ ഇല്ല, അഹങ്കാരമില്ല, ചതിയില്ല, സ്വാർത്ഥതയുമില്ല. നമ്മൾ ദൈവത്തിലായപ്പോൾ, നമ്മൾ സ്നേഹത്തിലായി, എന്തുകൊണ്ടെന്നാൽ "ദൈവം സ്നേഹം തന്നേ" (1 യോഹ. 4;8). നമ്മൾ ആരും ഒരിക്കലും നമ്മുടെ മനസ്സിലും ശരീര ത്തിലും പൂർണ്ണരല്ല. ആദാമിനെ പ്പോൽ, എന്നാൽ സ്നേഹ ത്തിൽ നമ്മൾക്ക് പരിപൂർണ്ണ രായിതീരാം. എന്തുകൊണ്ടെ ന്നാൽ ദൈവം സ്നേഹം തന്നേ (1 യോഹ. 4:8). നമ്മൾ ആരും ഒരിക്കലും നമ്മുടെ മന സ്സിലും ശരീരത്തിലും പൂർണ്ണ രല്ല. ആദാമിനെപ്പോൽ, എന്നാൽ സ്നേഹത്തിൽ നമ്മൾക്ക് പരിപൂർണ്ണരായിതീ രാം. എന്തുകൊണ്ടെന്നാൽ ദൈവം നമ്മുടെ സ്നേഹത്തെ ശുദ്ധീകരിക്കുന്നു. നമ്മുടെ സ്നേഹം ഒരിക്കലും പരിധിയി ല്ലാത്തതല്ല, എന്നാൽ ഇത് വർദ്ധിക്കും / വളരെ തുടർച്ച യായിട്ടു നമ്മൾ പരിശുദ്ധാത്മാ വിന്റെ നിയന്ത്രണത്തിലും അച്ചടക്കത്തിലും മുന്നോട്ടു പോകുമ്പോൾ.

ദൈവത്തിന്റെ വീണ്ടെടു പ്പിന്റെ സ്നേഹം നമ്മൾ വെളി പ്പെടുത്തുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ ആത്മനിറ വിൽ ജീവിക്കുന്ന വിശുദ്ധന്മാ രായിട്ടു മാറുന്നത്. ക്രിസ്തു കാൽവറിയിൽ സ്നേഹം പങ്കി ട്ടതുപോൽ നമ്മളും സ്നേഹം പങ്കിടുന്നവരാകണം. വീണ്ടെടു പ്പിന്റെ സ്നേഹം എന്നത് ഒരു ഉത്തരവാദിത്വമായിട്ടു മാറണം. മറ്റുള്ളവരെ രക്ഷിക്കുവാൻ വേണ്ടി, അത് നമ്മുടെ ഏറ്റവും അടുത്തു താമസിക്കുന്നവരിൽ തുടങ്ങണം. ആരംഭത്തിൽ "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരു ശലേമിലും യെഹൂദയിൽ എല്ലാടത്തും ശമര്യയിലും ഭൂമി യുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (അപ്പോ. 1:8).

വീണ്ടെടുപ്പിന്റെ സ്നേഹം ഒരിക്കലും കർത്താവിന്റെ യോഗ്യതകൾക്കനുസരിച്ചല്ല. ഇത് ഏറ്റവും തരംതാണവരി ലേയ്ക്കു ചെല്ലുകയും അവരെ വിദ്യാസമ്പന്നരും പരിഷ്കാരി കളുമാക്കി തീർക്കുകയും ചെയ്യുന്നു. ഇത് പ്രവൃത്തിക്കു ന്നത് ജീവിതത്തിൽ ലക്ഷ്യമി ല്ലാതെ നടന്നവർക്ക് ശുഭാപ്തി വിശ്വാസവും വാഗ്ദത്തങ്ങളും നല്കുന്നു. ആത്മനിറവിലുള്ള ഒരു ദൈവപൈതൽ ആത്മാ ക്കളുടെ വിടുതലിനായിട്ടു പ്രവർത്തിക്കുന്നതുപോലെ വേറാരും ചെയ്യുന്നില്ല. എന്തു കൊണ്ടെന്നാൽ ആത്മരക്ഷ യ്ക്കു ആവശ്യമായിരിക്കു ന്നത് ആത്മാവിൽ ജനിക്കണ മെന്നുള്ളതാണ്. ദൈവത്തെ ആരാധിക്കുന്ന ആരെങ്കിലും മറ്റുള്ളവരുടെ ആവിശ്യങ്ങൾ ക്കു മുമ്പിൽ അവരുടെ ഹൃദ യത്തിന്റെ വാതിലുകൾ അട യ്ക്കുകയാണെങ്കിൽ അത് ഒരു ഗൗരവകരമായ ഒരു പ്രവൃത്തി യാണന്നുള്ള കാര്യം ആരും മറന്നു പോകരുത്.

വീണ്ടെടുപ്പിന്റെ സ്നേഹം നമ്മുടെ ക്രിസ്തീയ ജീവിത ത്തിന്റെ പ്രായോഗിക തലങ്ങ

(ശേഷം 6-ാംപേജിൽ)

''.....ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം'' (ഗലാ.5:22).

സ്നേഹമെന്നത് ദൈവത്തിന്റെ കൃപയാൽ നമ്മൾക്ക് ലഭിച്ചതാണ്. അനന്തമായ കാലഘട്ടങ്ങളിലേയ്ക്കു നിലനില്ക്കേണ്ടത്; അതുകൊണ്ട് നമ്മൾ അവനെ സ്നേഹിക്കുന്നതിൽ ഒരിക്കലും മടുത്തുപോകരുത്. കാരണം അവനാണ് നമ്മളെ ആദ്യം സ്നേഹിച്ചത്. സ്നേഹത്തിന് ഈ കാലഘട്ടത്തിലും (നമ്മൾ ജീവിക്കുന്ന ഈ സമയം) അതിന്റെ പ്രവർത്തനം ചെയ്യേണ്ടതുണ്ട്. ആഹാരം ഇല്ലാത്ത പട്ടിണി പാവങ്ങൾക്ക് വിശപ്പ് മാറ്റാൻ ആഹാരം കൊടുക്കണം. നഗ്നനായവനും വസ്ത്രം കൊടുക്കണം. അവന്റെ നഗ്നത മാറ്റണം. അടിമനുകത്തിൽ കിടക്കുന്നവന് സ്വാതന്ത്ര്യം കൊടുക്കുകയും രോഗിയെ ശുശ്രൂഷിക്കുകയും വേണം. വിധവകളെയും അനാഥരെയും സന്ദർശിക്കുമ്പോൾ സ്നേഹം സന്തോഷിക്കും. ഇതിൽകൂടി നമ്മൾ ധാരാളം മാനിക്കപ്പെടും. ''....എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു. നിങ്ങൾ എന്നെ ചേർത്തുകൊണ്ടു നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു, രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു'' (മത്താ. 25:35-36). സ്നേഹം എന്നാൽ തികച്ചും പ്രായോഗികമാണ്. സ്വന്ത ഭവനത്തിൽ നെയ്തെടുത്ത ഒരു നന്മയും, എന്നാൽ വളരെ സമ്പന്നവും, അതേസമയം അപൂർവ്വവുമായതും. ഇതിന്റെ യഥാർത്ഥ ഗ്രന്ഥകർത്താവ് എന്നത് നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെയാണ്. വേറെ ആർക്കും സാധ്യമല്ല; ഇത്രയും മേന്മയുള്ള ലിനൻ കർത്താവിനു മാത്രമേ ഉല്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. അതേ സമയം ലോകത്തോടുള്ള സ്നേഹം വളരെ അനാവശ്യമാണ്.

സ്നേഹത്തിൽകൂടി സുഹൃത്തുക്കൾക്കായിട്ടു ചെയ്വാനുള്ള നല്ല കാര്യങ്ങൾ ഉണ്ട്. കൂട്ട് ഇല്ലാത്തവർക്ക് അമ്മയുടെ മടിത്തട്ടിന്റെ പരിപാലനം ലഭിക്കുമ്പോൾ അത് എത്രയോ സുന്ദരമാണ്. മാതാവിന്റെ കണ്ണുകൾ കൂടി ആ പൂവിതറുന്ന ആ ചിരി എത്രയോ ഭംഗിയുള്ളതാണ്. ഉഭയസമ്മതത്തിൽ കൂടി വിവാഹ ബന്ധത്തിൽ ഏർപ്പെടുന്ന ആ രണ്ട് ആത്മാക്കൾ എത്രയോ അടുത്തവരാണ്! എത്രയോ സന്തോഷകരമായിട്ടാണ് ഇത് ജീവിതയാത്രയിൽ ഒരുമിച്ച് യാത്ര ചെയ്യുന്നത്. സൗഹൃദയത്തിന്റെ കരങ്ങളിലേക്ക് ചാഞ്ഞ് ചരിഞ്ഞ് നീങ്ങുന്നത്! എന്നാൽ സ്നേഹത്തിന് ഇതിൽ ഒന്നും പൂർണ്ണ സംതൃപ്തി ലഭിക്കുന്നില്ല. അവൾ ശത്രുവിനെ ചുംബിക്കുകയാണ്. .... അവൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്, പുച്ഛിച്ചവർക്കു വേണ്ടിയും പീഡിപ്പിച്ചവർക്കുമായിട്ടും. ഇത് വളരെ മൂല്യമുള്ള രത്നമല്ലേ? ലോകത്തിന്റെ എന്താണ് തുല്യമായിട്ട് ഇതിനോടു താരതമ്യം ചെയ്യുവാൻ കഴിയുന്നത്?

സ്നേഹം ശരിയായ പാതയിലേയ്ക്കു നയിക്കുന്നു

താങ്കൾ ശ്രദ്ധിച്ചിരിക്കാം, ആത്മാവിന്റെ ഫലങ്ങ

(ശേഷം 7-ാംപേജിൽ)

ആത്മാവിന്റെ ആദ്യഫലം

By Charles H Spurgeon

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:1-3).

ജൂലൈ മാസം നമ്മെ വിട്ട് കടന്നുപോയി. ആഗസ്റ്റ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. നിങ്ങളുടെ ജീവിതത്തെ കർത്താവിനായി സമർപ്പിക്കുക. അപ്പോൾ നമുക്ക് കഴിയാത്തതായി ഒന്നും തന്നെ കാണുകയില്ല. നമ്മുടെ ദൈവം വിശ്വസ്തനും അത്ഭുതവാനും നമ്മെ രക്ഷിക്കുന്നവനുമാണ്.

മരണത്തെ ജയിച്ച് സകലത്തിന്മേലും അധികാരം പ്രാപിച്ച ക്രിസ്തുവിൽ നാം ആയിരിക്കുന്നുവെങ്കിലും ഈ ലോകത്തിലെ യാതൊന്നിനും നമ്മെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. പിതാവിനെ പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ കർത്താവ് നമുക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമാകൂ. ക്രിസ്തീയ ജീവിതം ഒരു യുദ്ധക്കളമാണ്. എല്ലാവിധ ശക്തികളോടും നാം പോരാടേണം. അതിന് നമുക്ക് ദൈവം കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു

By W.C. Moore (1890 - 1980)

''ദൈവത്തിന്റെ സ്നേഹത്തിനായിട്ടു നമുക്ക് ഒരുമുറി ഉണ്ടാക്കിയെടുക്കാം. പരിശുദ്ധാത്മാവ് ഹൃദയങ്ങളിൽ നിന്നു പുറത്തേയ്ക്ക് നിരന്തരമായിട്ട് ഒഴുകേണ്ടതിനായിട്ട്. നമ്മുടെ ഹൃദയങ്ങളിൽ കോപവും, അസൂയയും, ദോഷഭാവങ്ങളും, വെറുപ്പും, എതിർപ്പും, കുശുമ്പും, ജഡാഭിലാഷങ്ങളും, വഞ്ചനകളും, അവിശ്വാസങ്ങളും എല്ലാം നങ്കൂരം ഇടാൻ അനുവദിച്ചാൽ, ദൈവം ഒരിക്കലും അവിടുത്തെ സ്നേഹം നമ്മളിലേയ്ക്കു വരുവാൻ അനുവദിക്കുന്നില്ല. മനുഷ്യാത്മാക്കളോടുള്ള ആഴമായ ദൈവത്തിന്റെ കരുണയും സ്നേഹവും വെളിപ്പെടുത്തുന്ന ദൈവപ്രവൃത്തിയുടെ കവിഞ്ഞ് ഒഴുക്ക് സംഭവിക്കുന്നില്ല.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആകുന്ന പ്രാവ് ഒരിക്കലും നമ്മുടെ ഹൃദയങ്ങളിൽ വാഴുന്നില്ല, നമ്മൾ ആവശ്യമില്ലാത്തതും, വൃത്തികെട്ടതും, ദോഷം സംസാരിക്കുന്നതും, ദയയില്ലാത്തതും മനസ്സോടു കൂടി ജീവിക്കുകയും എല്ലാ മോശ പ്രവൃത്തികളുടെയും പൈശാചിക പ്രവൃത്തികളുടെയും വാഹകരായി തീർന്നാലും! പ്രാവ് ഒരിക്കലും പ്രാപിടയന്റെ കൂട്ടിൽ രാപാർക്കുന്നില്ല.

ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ

നമ്മൾ ചുറ്റുപാടുകൾ പാപികൾ നിറയപ്പെട്ടവരാണ്. ദൈവപുത്രന്റെ ആദ്രതയുടെ ആത്മാവ് നമ്മെ ഊഷ്മളരാക്കുന്നുണ്ടോ അവരെ കാണുമ്പോൾ നമ്മുടെ കണ്ണുകളിൽ. ഒരു സമയത്ത് നമ്മൾ ഇതുപോലെയുള്ള പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന ഒരു ജീവിതം നയിച്ചവരാണെന്ന് ചിന്തിക്കുന്നുണ്ടോ? ദൈവസ്നേഹത്തെ ദർശിക്കുവാൻ കഴിയാത്ത അന്ധന്മാരായിരുന്നുവെന്ന്? കാണാതെ പോയത്/ തെറ്റിതിരഞ്ഞു നടക്കുന്ന നമ്മുടെ ചുറ്റുപാടുമുള്ള സമൂഹത്തിൽ കർത്താവിന്റെ സ്നേഹം വെളിപ്പെടുത്തുന്നവരാണോ നമ്മൾ. ഒരുപക്ഷേ നമ്മളുടെ ബിസിനസ്സ് വഞ്ചിച്ചവരായിരിക്കാം. അവർ, പക്ഷേ നിങ്ങൾ അവരെ ക്രിസ്തുവിനുവേണ്ടി ഏതെങ്കിലും തരത്തിൽ നേടാൻ തയ്യാറാണോ? അതോ ബോധപൂർവ്വം ഒഴിവാക്കുകയാണോ ചെയ്യുന്നത്?

ഒരു സഹോദരനോ സഹോദരിയോ ദൈവസന്നിധിയിൽ നിന്ന് അകന്നുപോയെങ്കിൽ, വേണ്ടത്ര ചൂടില്ലാത്തവനായിട്ട് തീർന്നെങ്കിൽ, പാപത്തിന്റെ ചെളിയിൽ മൂടിപോയെങ്കിൽ, നിങ്ങളുടെ ഒരു വിരലെങ്കിലും ഒന്നു അനക്കാൻ തയ്യാറാണോ അവർക്കുവേണ്ടി. അവരെക്കാൾ നമ്മൾ എത്രയോ ശ്രേഷ്ടരാണെന്ന് ചിന്തിക്കുന്നുണ്ടോ? ''അപ്പോൾ നീ വിളിക്കൂ, യഹോവ ഉത്തരം അരുളും; നീ നിലവിളിക്കൂ, ഞാൻ വരുന്നു എന്നു അവൻ അരുളി ചെയ്യും; നുകവും വിരൽ ചൂണ്ടുന്നതു വഷളത്വം സംസാരിക്കുന്നതു നീ നിന്റെ നടുവിൽ നിന്നു നീക്കി കളയുകയും'' (യെശ. 58:9). ''മാറി നില്ക്ക; ഇങ്ങോട്ടു അടുക്കരുതു; ഞാൻ നിന്നെക്കാൾ ശുദ്ധൻ എന്നു പറയുകയും ചെയ്യുന്നു; അവർ എന്റെ മൂക്കിൽ പുകയും ഇടവിടാതെ കത്തുന്ന തീയും ആകുന്നു'' (യെശ.65:5). ''തങ്കങ്ങൾ നീതിമാന്മാർ എന്നു ഉറെച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ചു അവൻ ഉപമ പറഞ്ഞതെന്തെന്നാൽ: രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റെവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊണ്ടു തന്നോടു തന്നേ; ദൈവമേ, പിടിച്ചു പറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഞാൻ അലയുകയായാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തുവരുന്നു എന്നിങ്ങനെ പ്രാർത്ഥിച്ചു. ചുങ്കക്കാരനോ ദൂരത്തുനിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി; മറ്റെവൻ അങ്ങനെയല്ല. തന്നെത്താൻ

((ശേഷം 5-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക

By Horatius (1808 - 1889)

അവൻ വിശുദ്ധി കാത്തു സൂക്ഷിക്കേണം. ''നീയോ സകലത്തിലും നിർമ്മദൻ ആയിരിക്കുക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക'' (2 തിമ.4:5). ''ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ; ശക്തിപ്പെടുവിൻ'' (1 കൊരി. 16:13). ഇരുട്ടിന്റെ പുത്രന്മാർ ഉറങ്ങുകയോ, തട്ടിവീഴുകയോ ചെയ്യട്ടെ! എന്നാൽ വെളിച്ചത്തിന്റെ മക്കളായ കരയുന്ന നമ്മൾക്ക് പ്രലോഭനങ്ങളെ അതിജീവിക്കാം. പിശാചിന്റെ കെണിയിൽ അകപ്പെടാതെയും തോന്നിയതുപോലെ ചെയ്യുകയും നടക്കുകയും ചെയ്യുന്ന ലോകത്തിന്റെ മയക്കങ്ങളിൽ അകപ്പെടാതെയും നമ്മൾക്ക് നമ്മെ തന്നേ സൂക്ഷിക്കാം.

നമ്മൾക്ക് വേഗത്തിലും സമാധാനത്തോടെയും നമ്മുടെ ഓട്ടം ഓടാം. ''സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക'' (എബ്രാ. 12:1). ''നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിൻതുടരുക'' (1 തിമൊ. 6:11). നമ്മുടെ കണ്ണുകൾ വിണ്ടുവരുന്നവനായ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവരാജ്യത്തിൽ വയ്ക്കാം. ദൈവമക്കൾ ഒരിക്കലും നിസ്സാരമായ കാര്യങ്ങൾക്ക് വേണ്ടി പാപം ചെയ്തു കാപട്യവേഷത്തിൽ ക്രിസ്തീയ ജീവിതം നടത്തരുത്.

ഉള്ളിൽ വസിക്കുന്ന ആത്മാവിന്റെ സ്നേഹം

സ്നേഹാത്മാവിന്റെ ഉടമസ്ഥരായ, നമ്മൾ സ്നേഹത്തിലും, എല്ലാ തിന്മകളും, ദോഷങ്ങളും, കാപട്യവുമെല്ലാം ഒഴിവുള്ളവരായിട്ടും തിന്മ സംസാരിക്കാത്തവരായിട്ടും, ഒരിക്കലും കൊടുത്തു തീർത്തിട്ടില്ലാത്ത ആ കടത്തിൽ നിന്നും ഓരോ ദിവസവും ഒഴിവുള്ളവരായിട്ടു തീരണം (റോമ. 13:8). ഉള്ളിൽ വസിക്കുന്ന ആത്മാവ് ഒരിക്കലും ചലനശക്തി ഇല്ലാത്തതോ, വന്ധ്യതയുള്ളതോ അല്ല. പ്രത്യുത, ഫലം പുറപ്പെടുവിക്കുന്നതു, അതേ ദൈവീകമായ ഫലങ്ങൾ മനുഷ്യരുടെ ഉള്ളിൽ പുറപ്പെടുവിക്കുന്നതു, ആ സ്വർഗ്ഗീയ ഫലങ്ങൾ ഈ ഭൂമിയിലെ മണ്ണിൽ, ഫലങ്ങൾ കാണിക്കുന്നത് അകത്തുള്ള ഉറവിടങ്ങളെയാണ്. അതു പറയുന്നത് മഹത്വപൂർണ്ണനായ ഒരു അനീതി ഉള്ളിൽ ഉണ്ടെന്നുള്ളതാണ്. ''ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഇവെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല'' (ഗലാ. 5:22).

നമ്മൾക്ക് പ്രാർത്ഥനയുടെ കർത്താവുമായിട്ടുള്ള കൂട്ടായ്മയിലും വർദ്ധിച്ച് വരാം; ഈ കാലഘട്ടത്തിലെ വശീകരിച്ചേക്കാവുന്ന എല്ലാ മായാമോഹങ്ങളിൽ നിന്നും ദൈവം നമ്മളെ വിടുവിക്കട്ടെ! കർത്താവുമായിട്ടുള്ള ഒരു അഭേദ്യമായ ബന്ധത്തിൽ കൂടി മാത്രമേ ലോകത്തിന്റെ മോഹബന്ധങ്ങളെ തകർക്കുവാൻ കഴിയുകയുള്ളൂ.

നമ്മൾക്ക് നമ്മുടേതായ ഒരു സംരക്ഷകനെ കൊണ്ടു പഴയ ..... എല്ലാ രൂപത്തിലും വെളിപ്പെട്ടുവന്നേക്കാവുന്ന ശക്തിയെ തകർത്തു മുന്നേറാം. ഇത് ഒരുപക്ഷേ ഉദാസീനതയോ, ചിത്തവൃത്തിയോ, തണുപ്പിന്റെ സ്വഭാവമോ പരുക്കമായ സ്വഭാവമോ, നിരുത്തരവാദിത്വപരമോ, പ്രാകൃതമോ, വിലക്ഷണമായത്, വഞ്ചനാപരമായതോ, അഹങ്കാരത്തിന്റെയോ, ചതിയുടേയോ, ദുർവാശിയുടേയോ, കൈയ്പുള്ളതോ, ഗൗരവഹീനതയോ, ബുദ്ധിഇല്ലായ്മയുടേതോ, സ്വന്ത വ്യക്തിത്വത്തെ പ്രശംസിക്കുന്നവനോ, ഒക്കെയും ആകാം. നമ്മൾക്ക് ഒരു സഹകരണ മനോഭാവം ഉയർത്തിയെടുക്കാം; ചെറിയ തെറ്റുകൾ പോലും ജീവിതത്തിൽ വന്ന് പാപം ആയി തീർന്നേക്കാവുന്ന സാഹചര്യങ്ങൾക്ക് എതിരായിട്ട് നമുക്ക് പ്രതിരോധം സൃഷ്ടിക്കാം. നമ്മുടെ കാലഘട്ടങ്ങളെ വിവേകത്തോടെ ദർശിക്കാം. എന്നാൽ ഒരിക്കലും ധൃതിയിലും ആകരുത്. വളരെ ശാന്തതയോടും, സന്തോഷകരവും, തുറന്നതും, ആനന്ദത്തോടും, നിഷ്കളങ്കതയോടുകൂടിയും, ഔദാര്യത്തോടെയും, സ്വാർത്ഥയില്ലായ്മയും, അങ്ങനെ മറ്റുള്ളവരെ കുറിച്ചുള്ള ചിന്തകളോടുകൂടിയത് ആകാം.

സ്ഥിരതയുള്ളതു സത്യമായതു

കർത്താവിന്റെ ശിക്ഷകരായ നമ്മളുടെ ശിക്ഷത്വം പൂർണ്ണതയുള്ളതും, സ്ഥിരതയുള്ളതുമായിരിക്കട്ടെ. കർത്താവുമായുള്ള നമ്മുടെ ബന്ധം അവിടുത്തെ പോലെയുള്ള രീതികളിലും, പ്രവൃത്തികളിലും ആയി തീരട്ടെ. നമ്മുടെ ജീവിതം എന്നത് അത് വളരെ വിവേകത്തോടും, പരിജ്ഞാനത്തോടുകൂടിയും നയിക്കേണ്ടതാണ്. നമ്മൾ നടക്കുന്നതും ചെയ്യുന്നതുമെല്ലാ നല്ല ഗുണനിലവാരം നിലനിർത്തേണ്ടതും കർത്താവിന്റെ നാമം മഹത്വപ്പെടേണ്ടതുമാകുന്നു. നമ്മൾ മുഖാന്തരം ആരും നരകത്തിൽ പോകരുത്. ക്രിസ്തുവിന്റെ സത്യം നമ്മെ വിശുദ്ധീകരിക്കുക. അതോടൊപ്പം നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യുന്നു. അവിടുത്തെ ജ്ഞാനം/വിവേകം നമ്മെ വെടിപ്പുള്ളതാക്കുകയും വേഗതയുള്ളവരാക്കുകയും ചെയ്യുന്നു. എന്നാൽ വിശുദ്ധി കൂടാതെ നമ്മൾക്ക് അവിടുത്തെ സ്വാതന്ത്ര്യം ആസ്വദിക്കുവാൻ സാധിക്കുകയില്ല. അവിടുത്തെ ആലോചന കൂടാതെ ശുദ്ധീകരണം നടക്കുന്നില്ല. ദൈവീക സമാധാനം വളരെ നന്നായിട്ട് നമ്മൾക്ക് ആസ്വദിക്കണമെങ്കിൽ ആ ദൈവീക സ്നേഹത്തിലും ഉത്സാഹത്തിലും നടന്നെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ.

അതുകൊണ്ട് നമ്മൾക്ക് യഥാർത്ഥ മനുഷ്യൻ ആയിട്ട് മാറാം. നമ്മൾക്ക് ലഭ്യമായ ദൈവവചനത്തിന്റെ ഏറ്റവും ഉയർന്ന നിലവാരത്തിൽ തന്നെ ആകട്ടെ. നമ്മൾക്കുള്ളിൽ തന്നെ സത്യം അതിന്റെ തനതായ രൂപഗുണത്തിൽ വെളിപ്പെടട്ടെ. ആ സത്യം നമ്മുടെ പുതുജീവനിൽ വെളിപ്പെടട്ടെ. നമ്മുടെ പുതിയ വ്യക്തിത്വത്തിൽ സ്വാധീനിക്കപ്പെടട്ടെ. ദൈവസഭയുമായിട്ടുള്ള ബന്ധത്തിലും അത് സത്യമായി തീരട്ടെ! നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ തികഞ്ഞ സത്യമായി തീരട്ടെ! കർത്താവിനോടുള്ള ബന്ധത്തിലും അവിടുത്തെ ഉപദേശം പഠിപ്പിക്കലോടുള്ള ബന്ധത്തിലും അത് വെളിപ്പെട്ടു വരണം. കർത്താവിന്റെ പക്കലുള്ള പുസ്തകത്തിനോടുള്ള ബന്ധത്തിൽ നമ്മുടെ ആകെ ജീവിതം രേഖപ്പെടുത്തിയിരിക്കുന്നതു നമ്മുടെ ഭാരവാഹിയുമായവനോടുള്ള ബന്ധത്തിൽ നമുക്ക് നല്ല ആത്മീക പോഷണം ലഭിച്ച് ഓരോ ദിവസവും വളരാം. അതുകൊണ്ട് നമ്മൾക്കു ഉയരത്തിനോട് ഒന്നല്ല ധാരാളമായിട്ട് ഉയർച്ച സംഭവിക്കട്ടെ! കൃപയിൽ വളരാം, യേശുക്രിസ്തുവിന്റെ ജ്ഞാനത്തിലും മുന്നേറാം. ❖

(3-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു

ഉയർത്തുന്നവൻ എല്ലാ താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്കോ. 18:9-14). അല്ലെങ്കിൽ നിങ്ങൾ അവർക്കുവേണ്ടി ആത്മാർത്ഥമായിട്ടു പ്രാർത്ഥിക്കാറുണ്ടോ, അതോ അവരെക്കുറിച്ചു കള്ളത്തരം പറഞ്ഞു നടക്കുകയാണോ ചെയ്യുന്നതു? സത്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം അവരോടു പറയുവാനുള്ള ഒരു അവസരത്തിനായിട്ട് നിങ്ങൾ കാത്തിരിക്കുന്നവരാണോ? ''അതുകൊണ്ടു ഉണർന്നിരിപ്പിൻ; ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തുകൊണ്ടു ഓരോരുത്തനും ബുദ്ധി പറഞ്ഞുതന്നതു ഓർത്തുകൊൾവിൻ'' (അപ്പോ. 20:31). ''സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും'' (എഫെ. 4:15).

അതിലുപരിയായിട്ട് നമ്മൾ മനസ്സിലാക്കേണ്ട കാര്യം, അവർക്കുവേണ്ടി നമ്മൾ ആത്മാർത്ഥതയോടുകൂടി പ്രാർത്ഥിച്ചിരുന്നോ. നമ്മൾ പ്രാർത്ഥിക്കേണ്ടവണ്ണം, അവർ പാപത്തിലേക്ക് വീഴരുതെന്ന്? നമ്മുടെ സഹോദരങ്ങളുടെ സൂക്ഷിപ്പുകാരാണ് നമ്മൾ. നമ്മളെപോൽ നമ്മുടെ അയൽക്കാരെ സ്നേഹിക്കുവാൻ കഴിയുകയില്ലായിരിക്കാം. ''ഗുരോ, ന്യായപ്രമാണത്തിൽ ഏതു കല്പന വലിയതു എന്നു ചോദിച്ചു. യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേതു അതിനോടു സമം, കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു'' (മത്താ. 22:36-40). അവന്റെ വ്യക്തിപരമായ ആത്മീക ജീവിതത്തെക്കുറിച്ചു അത്രയും ആഴത്തിൽ ഒരു ചിന്തയും വന്നിട്ടില്ല.

ചില കേസുകൾ ഒക്കെയും നാം കാണുമ്പോൾ, ഓരോ സമയങ്ങളിലും ചില പ്രശസ്തരായ ദൈവദാസന്മാർ ദൈവകൃപയിൽ നിന്നു വീണുപോയിട്ടുണ്ട്. നമ്മൾ അതൊക്കെയും ഓർത്തു ദുഃഖിച്ചുപോയിട്ടുണ്ടോ? നമ്മൾ അവരുടെ പുറകിൽ നിന്നു കൂടുതൽ അവനെ അപമാനപ്പെടുത്തിയവരും, അവരുടെ സത്യമായ ജീവിതം എന്തെന്നും, പരാജയങ്ങളും തെറ്റുകളുമെല്ലാം ജീവിതത്തിൽ സംഭവിക്കാമെന്നുള്ളതാണെന്നു, വെറുതെ കള്ളത്തരം/ദോഷം പറഞ്ഞു വെറുപ്പോടെ നടക്കുകയുമാണോ നമ്മൾ ചെയ്യാറുള്ളത്? ദൈവം നമ്മളെ സഹായിക്കട്ടെ!

നമ്മൾ ഓർത്തിരിക്കേണ്ട കാര്യം സാത്താൻ ഏതു നേരത്തു പ്രകാശിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രത്തെയാണ് തകർക്കുവാൻ ശ്രമിക്കുന്നത്. അതുകൊണ്ടു നമ്മൾ ഈ കാലഘട്ടങ്ങളിൽ വളരെ ശക്തിയോടു പ്രാർത്ഥിക്കേണം. ദൈവത്തിന്റെ കരങ്ങളിൽ ശക്തമായിട്ടു ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ദൈവദാസന്മാരെ ശത്രു നശിപ്പിക്കാതെ കർത്താവു സൂക്ഷിക്കേണ്ടതിനായിട്ട് വേണം പ്രാർത്ഥന. ക്രിസ്തുവിന്റെ സഭയിലെ ഒരു അംഗം കഷ്ടം അനുഭവിച്ചാൽ അതു അവിടുത്തെ സഭയെ മുഴുവനായിട്ടുമാണ് ബാധിക്കുന്നത് (1 കൊരി.12:12-27).

ചിലപ്പോഴൊക്കെ നമ്മൾ നമ്മുടെ ദൈവത്തിന്റെ മക്കളായ നമ്മുടെ സഹപ്രവർത്തകരെ വളരെ മോശമായിട്ടു ചിത്രീകരിച്ച് മറ്റുള്ളവരുടെ മുമ്പിൽ അപകീർത്തിപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ഇതുപോലെ പാപികൾ പോലും ചെയ്യുകയില്ല? എത്രയോ ലജ്ജാകരം അല്ലേ ഇതൊക്കെയും.

ഇപ്പോൾ നിങ്ങൾ ദൈവസന്നിധിയിൽ പരാജയപ്പെട്ടുപോയ വ്യക്തിയാണെങ്കിൽ, പാപത്തിൽ വീണുപോയിഎങ്കിൽ നിങ്ങളെകുറിച്ചു അറിയുന്നവർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിനു പകരം സത്യസന്ധത മനസ്സിലാക്കാതെ ദോഷമായതു/കള്ളത്തരങ്ങൾ മറ്റുള്ളവർ പറഞ്ഞുനടക്കുന്നുവെങ്കിൽ അത് ശക്തിയായ ഒരു നടപടിക്രമമാണോ. ''മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കു ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നേ'' (മത്തായി 7:12).

നമ്മുടെ ഉത്തരവാദിത്വത്തിൽപ്പെട്ടതാണ് മറ്റുള്ളവരെ ഏതെങ്കിലും തരത്തിൽ സഹായിക്കണം എന്നത്. ആതരത്തിൽ എല്ലാം നമ്മൾ മറ്റുള്ളവരുടെ നന്മയ്ക്ക് തീർത്തും ഉത്തരവാദിത്വപ്പെട്ടവർ തന്നേയാണ്. മറ്റുള്ളവരെ പലതരത്തിൽ നമ്മൾക്ക് സഹായിക്കാം. നമ്മുടെ പ്രാർത്ഥനയിൽകൂടി സഞ്ചരിക്കുന്ന പ്രാർത്ഥന, അഭിനന്ദനങ്ങളിൽകൂടി, നല്ല ഉദാത്തങ്ങളായ മാതൃകാ പ്രവർത്തനങ്ങളിൽകൂടിയും, ജീവിതത്തിൽ കൂടിയുമെല്ലാം ദൈവസ്നേഹം നമ്മൾക്ക് മറ്റുള്ളവരോടുള്ളത് ചെയ്യുവാൻ കഴിയണം. നല്ല പെരുമാറ്റത്തിൽ കൂടിയും, നല്ല ജീവിതത്തിൽ കൂടിയും, അത് നമ്മുടെ വാക്കിലും, സംസാരത്തിലുമെല്ലാം സ്നേഹത്തിന്റെ സത്യം എന്താണെന്ന് നമ്മൾ മറ്റുള്ളവരുടെ മുമ്പാകെ വെളിപ്പെടുത്തികൊടുക്കണം.

ക്രിസ്തുവിന്റെ സ്നേഹത്താൽ നമ്മൾ നിർബന്ധിക്കപ്പെട്ടിരിക്കുകയാണ്. നമ്മെ സ്നേഹിക്കാത്തവരെ സ്നേഹിക്കുവാൻ കർത്താവിനു വേണ്ടി, സ്നേഹത്തിന്റെ വാഹകരായി തീരട്ടെ! ഒരുവനു മറ്റൊരുവനെ സ്നേഹിക്കുവാൻ കഴിയട്ടെ! നമ്മൾ ഒരു പരമസത്യം മറക്കരുത്, ഇത് വളരെ ഭയങ്കരമായ ഒരു കാര്യമാണ്. ജീവനുള്ള ദൈവത്തിന്റെ കരങ്ങളിൽ വീഴുന്നത്! ''അന്യോന്യം പൊറുക്കുകയും ഒരുവനോടു ഒരുവനു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുകയും ചെയ്‌വിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ'' (കൊലോ. 3:13), ''ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം'' (എബ്രായർ 10:31). നമ്മൾക്ക് മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള ആഗ്രഹം ഉള്ളവരായിരിക്കേണ്ടതല്ലേ? ദൈവരാജ്യത്തിൽ, നമ്മൾക്ക് ആഗ്രഹം വേണ്ടതല്ലെ. നമ്മൾക്ക് വേണ്ടി മരിച്ച യേശുവിന്റെ സ്നേഹത്തെ പാപികളേയും വിശുദ്ധന്മാരേയും ഒരുപോലെ സ്നേഹിക്കുവാനും മറ്റുള്ളവരുടെ മുമ്പാകെ സ്നേഹം പ്രദർശിപ്പിക്കുന്നവരും അതേ നമ്മുടെ പുറമേയുള്ള ജീവിതത്തിൽ കൂടിയും, പുറത്തേയ്ക്കു വരുന്ന വാക്കുകളിൽ കൂടിയും, ദയയുള്ള പ്രവൃത്തികളിൽ കൂടിയുമെല്ലാം അവിടുത്തെ പിൻഗാമികൾ സ്നേഹസമ്പന്നനായ നസ്രേയന്റെ സ്നേഹം മറ്റുള്ളവരിലേക്കു വെളിപ്പെടുത്തട്ടെ! ❖

(1-ാംപേജിന്റെ തുടർച്ച)

ആത്മനിറവിൽ ജീവിക്കുന്ന ഒരുവന്റെ സ്നേഹം

ളിൽ പ്രവർത്തിക്കുമ്പോൾ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും, തകർക്കപ്പെട്ട ബന്ധങ്ങൾ വീണ്ടെടുക്കുവാനും, അങ്ങനെ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തികൾ മറ്റുള്ളവർക്കായിട്ടു ചെയ്യുവാനും സാധിക്കും. ആത്മനിറവിലുള്ളവർ മാനസാന്തരപ്പെടാത്തവരുടെ രൂപാന്തരണത്തിനായിട്ടു പ്രവർത്തിക്കുകയും അവരെ തങ്ങളുടെ സഹവിശ്വാസികളായിട്ടു കാണുകയും ചെയ്യുന്നു. വീണ്ടെടുപ്പിന്റെ സ്നേഹം മറ്റുള്ളവരുടെ ആവശ്യങ്ങൾ കാണുമ്പോൾ/ അറിയുമ്പോൾ അത് തങ്ങളുടെ ആവിശ്യങ്ങളായി കാണുകയും അങ്ങനെ അവർക്ക് അതു ചെയ്യുകയും ചെയ്യുന്നു. അങ്ങനെയുള്ള സ്നേഹം നിസ്വാർത്ഥതയും, അയഞ്ഞതും, ലളിതവും എല്ലായിപ്പോഴും മറ്റുള്ളവരുടെ നന്മയ്ക്കായിട്ടും പ്രവൃത്തിക്കുന്നതുമാണ്. ഈ തരത്തിലുള്ള സ്നേഹമുള്ളവൻ തന്റെ അങ്കി ഊരി വച്ചിട്ട് മറ്റുള്ളവരുടെ പാദം കഴുകുന്നവരായിരിക്കും (യോഹ. 13:4-5,15). നമ്മൾ, ദൈവമക്കളെ സ്നേഹിക്കുന്നു, കാരണം ദൈവം നമ്മെ ആദ്യമേ സ്നേഹിച്ചിരിക്കുന്നു.

ഇതാണ് ആത്മനിറവിൽ ജീവിക്കുന്ന ഒരുവന്റെ ധാർമ്മിക ജീവിതം എന്നത്. ഇത് വിശുദ്ധവും, സ്വയം നൽകുന്നതും, വീണ്ടെടുപ്പിന്റെ സ്നേഹത്താൽ നയിക്കപ്പെടുന്നതുമായിരിക്കും. ആത്മാവിന്റെ എല്ലാ ഫലങ്ങളും വളരുന്നത് ഇവിടെ നിന്നാണ് (ഗലാ. 5:22-23). ഇത് വർദ്ധിക്കുന്നു. നമ്മൾ വിശപ്പോടെയും ദാഹത്തോടെയും ദൈവത്തോട് ചോദിക്കുന്നുവെങ്കിൽ ''സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും'' (ലൂക്കോ. 11:13). ഇതിൽ ചേർത്തുകൊണ്ട് തുടർച്ചയായിട്ടുള്ള ആത്മാവിനുവേണ്ടിയുള്ള വിശപ്പ്, ആത്മാവിന്റെ സഹായത്താലുള്ള തുടർമാനമായ രൂപാന്തരണവും കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായതും, ആത്മാവിന്റെ അനിയന്ത്രിതമായ വഴിനടത്തിപ്പും ശിക്ഷണത്വവുമെല്ലാം നമ്മെ പ്രാപ്തരാക്കുകയാണ് ആത്മാവിന്റെ നിറവിലുള്ള ജീവിതമാണ് നമ്മൾക്കുള്ളതെന്നും - നമ്മൾ അങ്ങനെ ഉണർവ്വിന്റെ പ്രധാന ഉറവിട കേന്ദ്രമാകുകയും, നാം ആയിരിക്കുന്ന ഇടങ്ങളിൽ നമ്മൾ ഒരു അനുഗ്രഹമാകുകയും ചെയ്യുന്നു. ഇതെല്ലാം മറ്റുള്ളവർ കാണുകയും, അവർക്ക് അങ്ങനെ നമ്മുടെ കർത്താവിനെ കുറിച്ച് അറിയുവാനുള്ള വിശപ്പും ദാഹവും അവരിൽ കൂടുകയും ചെയ്യും.

സ്നേഹത്തിനായിട്ടു പ്രാർത്ഥിക്കാം

''എന്നാൽ ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ കർത്താവു നിങ്ങൾക്കു തമ്മിലും എല്ലാവരോടുമുള്ള സ്നേഹം വർദ്ധിപ്പിച്ചു കവിയുമാറാക്കുകയും ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ'' (1 തെസ്സ.3:12-13).

എന്തൊരു പ്രാർത്ഥന. ദൈവം, നമ്മൾ പരസ്പരമുള്ള സ്നേഹത്തിൽ വർദ്ധിച്ച് വളരണമെന്നാണ് ആഗ്രഹിക്കുന്നത്. ഇങ്ങനെയാണ് അപ്പോസ്തലനായ പൗലോസ് ചെയ്തത് മറ്റുള്ളവർക്കുവേണ്ടി. അവരുടെ ഹൃദയങ്ങളെ നിരപവാദപരമായിട്ട് വിശുദ്ധിയിൽ ബലപ്പെടുത്തി. സ്നേഹം കൂടാതെ ഇത് സാധിക്കുകയില്ല. ഇത് സാധ്യമാകുന്നത് കർത്താവായ ദൈവത്തിന്റെ ശക്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. ദൈവമക്കൾക്ക് ഒരു യഥാർത്ഥമായ വിശുദ്ധിക്കുവേണ്ടിയും മറ്റുള്ളവരെ സ്നേഹിക്കുവാനുമുള്ള ബലം അവരുടെ ഹൃദയങ്ങൾക്കു കർത്താവു നല്കുന്നു. ഈ പ്രാർത്ഥന നമ്മൾക്ക് തുടർച്ചയായും ചെയ്യാം - നമ്മൾക്കുവേണ്ടിയും, നമ്മൾക്ക് ചുറ്റും താമസിക്കുന്നവർക്കു വേണ്ടിയും. നിങ്ങൾ ഒരു വിശുദ്ധീകരണത്തിനായിട്ടു പ്രാർത്ഥിക്കാറുണ്ടോ? അങ്ങനെ എങ്കിൽ ഒരു സ്നേഹമുള്ള ഹൃദയത്തോട് ആയിതീരാം മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധത്തിൽ.

2 തെസ്സലോനിക്യർ 3-ാം അദ്ധ്യായം 5-ാം വാക്യത്തിൽ നാം ഇങ്ങനെയാണ് വായിക്കുന്നത് ''കർത്താവു താൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ സ്നേഹത്തിലേയ്ക്കു ക്രിസ്തുവിന്റെ സഹിഷ്ണതയിലേക്കു തിരിക്കുമാറാകട്ടെ''. അതെ, അതുതന്നെയാണ് കർത്താവായ യേശുക്രിസ്തു നമ്മൾക്കായിട്ടു ചെയ്തുകൊണ്ടിരിക്കുന്നത് - ദൈവത്തിങ്കലേയ്ക്കു തിരിയുമാറാകുന്ന ഒരു ഹൃദയത്തെ ഞങ്ങൾക്കായിട്ടു നല്കേണമേ! കർത്താവേ, അവിടുത്തെ ധന്യമായ സ്നേഹത്താൽ, ഒരു സ്നേഹമുള്ള ഹൃയം നൽകേണമേ! ''എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചിരിക്കുന്നു. ഒന്നാംനാൾ മുതൽ ഇതുവരെയും സുവിശേഷഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ നിമിത്തം ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. കൃപയിൽ എനിക്കു കൂട്ടാളികളായ നിങ്ങളെ ഒക്കെയും എന്റെ ബന്ധനങ്ങളിലും സുവിശേഷത്തിന്റെ പ്രതിവാദത്തിലും സ്ഥിരീകരണത്തിലും ഞാൻ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കകൊണ്ടു അങ്ങനെ നിങ്ങളെ എല്ലാവരെയും കുറിച്ചു വിചാരിക്കുന്നതു എനിക്കു ന്യായമല്ലോ. ക്രിസ്തുയേശുവിന്റെ ആദ്രതയോട് ഞാൻ നിങ്ങളെ എല്ലാവരെയും കാണ്മാൻ എത്ര വാഞ്ഛിക്കുന്നു എന്നതിനു ദൈവം സാക്ഷി. നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ചു വന്നിട്ടു നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നു ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചെക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരായിതീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു'' (ഫിലി. 1:4-11). അപ്പോസ്തലനായ പൗലോസ് തുടർച്ചയായിട്ട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു തന്റെ കൂട്ടത്തിലുള്ളവർക്കായിട്ട്. അങ്ങനെ സ്നേഹത്തിന്റെ പ്രദർശനമായിരുന്നു ഏറ്റവും പ്രധാനപ്പെട്ടകാര്യം. നമ്മൾക്കു അതു തന്നെ പ്രാവർത്തികമാക്കാം. ''അവർ ക്രിസ്തുവെന്ന ദൈവമർമ്മത്തിന്റെ പരിജ്ഞാനവും വിവേക പൂർണ്ണതയുടെ സമ്പത്തു പ്രാപിപ്പാന്തക്കവണ്ണം സ്നേഹത്തിൽ ഏകീഭവിച്ചിട്ട് ഹൃദയങ്ങൾക്കു ആശ്വാസം ലഭിക്കേണം എന്നുവെച്ചു ഞാൻ എത്ര വലിയ പോരാട്ടം കഴിക്കുന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു'' (കൊലൊ. 2:2). പൗലോസ് അപ്പോസ്തലന്റെ കാഴ്ചപ്പാടിൽ ഇത് ഒരിക്കലും ഒഴിച്ചുകൂടാനാവാത്ത ഒരു സത്യമാണ്. വിശ്വാസികളിൽ സ്നേഹത്തിന്റെ ഏകീഭവിക്കുന്ന ഹൃദയങ്ങൾ ഉണ്ടാകണമെന്നുള്ളതു, അതിന് വളർച്ച ഉണ്ടാകണമെന്നുള്ളതുമായ കാര്യം ദൈവം സ്നേഹമാണ്. നിലനിൽക്കുന്നതും അന്തമില്ലാത്തതുമാണ് ദൈവസ്നേഹം. സ്നേഹം അനുഭവമായി തീരേണമെങ്കിൽ നമ്മൾ സ്നേഹത്തിൽ ഏകീഭവിച്ചാൽ മാത്രമേ അതു സുഖകരമായ ഒരു ആസ്വാദകനുമായിതീരുകയുള്ളൂ. മറ്റുള്ളവരിലേയ്ക്കു നമ്മുടെ സ്നേഹം തുളച്ച് പ്രവേശിക്കുമ്പോൾ, സ്വാർത്ഥത ഇല്ലാത്ത സ്നേഹം വെളിപ്പെടും.

പൗലോസ് അപ്പോസ്തലന്റെ ഈ നാല് പ്രാർത്ഥനകൾ നമ്മളെ സമൃദ്ധമായ ധ്യാനത്തിലേയ്ക്കും പ്രാർത്ഥനയിലേക്കുമാണ് നയിക്കുന്നത്. ഈ സ്വർഗ്ഗീയ ചിന്തകൾ

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ആത്മാവിന്റെ ആദ്യഫലം

ളുടെ സൂചിക ഇട്ടിരിക്കുമ്പോൾ അതിൽ ആദ്യം പറഞ്ഞിരിക്കുന്നത്..... "ആത്മാവിന്റെ ഫലമോ സ്നേഹം..." (ഗലാ. 5:22). ആദ്യം ഇതാണ്, എന്തുകൊണ്ടെന്നാൽ പ്രധാനപ്പെട്ടത് ഇതാണ്. ആദ്യത്തെത് തന്നേ നമ്മെ ശരിയായ പാതയിലേയ്ക്കു നടത്തുന്നതു. കാരണം ഇത് മറ്റുള്ള എല്ലാത്തിനും പ്രേരകവും പ്രചോദനവുമായി തീരുന്നു. താങ്കൾക്ക് ഒന്നുതന്നേയും അധികം ബലത്തോടെയും, ഗുണകരമായിട്ടും മാറ്റിയെടുക്കുവാൻ കഴിയുകയുമല്ല. എന്തുകൊണ്ടെന്നാൽ ഇതാണ് എല്ലാറ്റിന്റെയും ആരംഭമായത്.

സ്നേഹം എന്നിരുന്നാലും ദൈവത്തെ പോലെയാണ്. കാരണം ദൈവം സ്നേഹമാണ്. സ്നേഹത്തിൽ കൂടിയാണ് സ്വർഗ്ഗം നമ്മൾക്കായിട്ടു തയാറാക്കപ്പെട്ടിരിക്കുന്നത്. അവിടെ എല്ലാം സ്നേഹമാണല്ലോ. വരിക, മാധുര്യമായ ആത്മാവ്, നമ്മുടെ ശരീരങ്ങൾ രൂപാന്തരപ്പെട്ടു സ്വർഗ്ഗീയമാകുന്നതു വരെ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന സ്നേഹത്തിന്റെ തീനാളങ്ങളിലേയ്ക്കു നമ്മെ തന്നേ എറിഞ്ഞു നമ്മുടേതായ നാം എന്ന ഭാവം എരിഞ്ഞടങ്ങട്ടെ.

ആത്മാവിൽകൂടി മാത്രം

ഇവിടെ വ്യക്തമാകപ്പെടേണ്ട പരമസത്യം നമ്മൾ പരാമർശിക്കപ്പെടുന്ന ഈ സ്നേഹം ഇത് കേവലം ഒരു മനുഷ്യന് അവന്റെ നിയമാവലിയുടെ അടിസ്ഥാനത്തിലുള്ളതല്ല. എനിക്ക് ചില പ്രിയപ്പെട്ടവരെ അറിയാം. അവരൊക്കെ ജന്മനാ സ്നേഹമുള്ളവരാണ്. എന്നാൽ ഇതു നല്ലതുമാണ്. പക്ഷേങ്കിൽ ഇത് ആത്മീക സ്നേഹമല്ല. അതൊക്കെയും പ്രകൃതിയുടെ ഫലങ്ങളും കൃപയുടേത് അല്ലതാനും. സഹജഗുണമായ സ്നേഹം ശ്ലാഘനീയമാണ്. പക്ഷേ അപകടകരവുമാണ്. അമിതമായ സ്നേഹം നയിക്കുന്നത് ഒരുതരത്തിലുള്ള ഭീതിയെയാണ്. വേറൊരുതരത്തിൽ പറഞ്ഞാൽ സൃഷ്ടികളിലെ ഒരു വിഗ്രഹാരാധന. ഞാൻ ഈ നിലയിലുള്ള സ്നേഹ സൗഹൃദയത്തെ പുച്ഛിക്കുകയല്ല ചെയ്യുന്നത്. നേരെ മറിച്ചു ഞാൻ ആഗ്രഹിക്കുന്നത് എല്ലാവരും ജന്മനാലുള്ള സ്നേഹ സൗഹൃദയരായിരിക്കണമെന്നാണ്. എന്നാൽ ആരെങ്കിലും അവനെ രക്ഷിക്കുമെന്ന് ഞാൻ ചിന്തിക്കുന്നില്ല, അല്ലെങ്കിൽ ഇത് ഒരു തരത്തിലുള്ള തെളിവും അല്ല അയാൾ പുതുക്കം പ്രാപിച്ചെന്ന്. ആത്മാവിന്റെ ഫലമായ സ്നേഹം മാത്രമാണ് കൃപയുടെ അടയാളം/തെളിവായിട്ടുള്ളത്.

ചിലരെ കുറിച്ച്, പരിഭവത്തോടെ പറയട്ടെ, പ്രകൃത്യാകയ്പുള്ളവരാണ്, അവർ ചിന്തിക്കുന്നത് അവരുടെ ജന്മം ശരിയാകാതെ വിരിഞ്ഞ ആപ്പിൾഫലം പോലെയാണെന്നാണ്, അങ്ങനെ മദ്യത്തിൽ മുഴുകിയുള്ള ജീവിതം. അവർ എല്ലായിപ്പോഴും തെറ്റായ കാഴ്ചപ്പാടുകളിൽകൂടി കാര്യങ്ങൾ ദർശിക്കുന്നത്. സൂര്യപ്രകാശം ഒരിക്കലും അവർ കാണുന്നില്ല, എന്നാലും സൂക്ഷ്മദൃഷ്ടികളായിട്ട് വളരെ ചെറിയ കറകളുടെ കണികകളെ അതു കണ്ടുപിടിക്കുന്നു. അവൾക്ക് ചില പ്രത്യേക കഴിവുകൾ ഉണ്ട്. കാര്യങ്ങൾ വില ഇരുത്തുവാനും വ്യാഖ്യാനിക്കുവാനും. അവരൊക്കെയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരുടെ ഉള്ളിൽ വസിക്കേണ്ടതിനായിട്ടു കരഞ്ഞ് കർത്താവിനോട് പ്രാർത്ഥിക്കട്ടെ, കാരണം കർത്താവിനു മാത്രമേ അവരുടെ കയ്പേറിയ സ്വഭാവത്തെ രൂപാന്തരപ്പെടുത്തി വളരെ മാധുര്യമുള്ളതാക്കി തീർക്കുവാൻ കഴിയുകയുള്ളൂ. "ആത്മാവിന്റെ ഫലമോ സ്നേഹം.....". ആത്മീക സ്നേഹം ഒരിക്കലും ഒരുവനിൽ ആത്മാവ് ഇല്ലാതെ ഉളവാകുന്നില്ല.

നമ്മൾ ജയിക്കുന്നവരാണോ അതോ പരാജയപ്പെട്ടിരിക്കുന്നുവോ

ദൈവം എന്നും സത്യത്തിന്റെ ഭാഗത്താണ് നില്ക്കുന്നത്. അത് അവനോടുള്ള നമ്മുടെ സ്നേഹത്തിന്റെ കാര്യത്തിലും. സത്യം/വാസ്തവം എന്താണെന്ന് കർത്താവ് ശ്രദ്ധിക്കുന്നത്. നമ്മുടെ കൂട്ടു സഹോദരങ്ങളുമായിട്ടുള്ള സ്നേഹബന്ധം എപ്രകാരമുള്ളതാണ്? നമ്മൾ നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുന്നുണ്ടോ? ചില സമയങ്ങളിൽ ഞാൻ ദൈവത്തോടു പറയാറുണ്ട് "അല്ലയോ, കർത്താവേ, എന്നെ അവിടുന്ന് ഒന്ന് ഉണർത്തണമേ, ഞാൻ ഏതെങ്കിലും വിധത്തിൽ പരാജയപ്പെട്ടുപോയെങ്കിൽ /കുറവുള്ളവനായി തീർന്നെങ്കിൽ എന്നെ മടക്കി വരുത്തണമേ. ഏതെങ്കിലും തരത്തിൽ യാഥാർത്ഥമില്ലായ്മ വന്നെങ്കിൽ എന്റെ അനുഭവങ്ങളിൽ ഞാൻ ദൈവത്തോടു യാചിക്കുകയാണ്. അങ്ങേക്ക് അവിടുത്തെ ഏറ്റവും ഘോരമായതും മൂർച്ചയുള്ളതുമായ ആയുധം കൊണ്ട് എന്നെ ബോധ്യപ്പെടുത്തുക. എന്റെ മന്ദീഭവനവും അവിശ്വാസവുമെല്ലാം, അവിടുത്തെ വചനത്തിന് വിരുദ്ധമായി പോയെന്ന്. നമ്മുടെ കർത്താവിന്റെ വരവിനോടു വളരെ അടുത്താണ് നമ്മൾ ആയിരിക്കുന്നത്. ആയതിനാൽ ശരിയായ വ്യാഖ്യാനത്തോട് വേണം നമ്മൾ വിശ്വാസജീവിതത്തിൽ ആയിരിക്കുവാൻ.

ജീവിതത്തിൽ വാഴട്ടെ

ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാങ്ങും എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും" (റോമ.5:17).

നമ്മൾ "ജീവനിൽ വാഴും". ദൈവം നമ്മളിൽകൂടി കാണുവാനും അറിയുവാനും ആഗ്രഹിക്കുന്നത് നമ്മൾ തരണം ചെയ്യുകയാണോ അതോ കാര്യങ്ങളെല്ലാം കണ്ടിട്ട് വിലയിരുത്തുകയാണോ ചെയ്യുന്നത്. കർത്താവ് ഒരിക്കലും ശരാശരി അനുപാതത്തിൽ പ്രവൃത്തിക്കുന്നില്ല. കർത്താവ് ഒരിക്കലും ഒരു തെറ്റായ വിധിന്യായം പ്രസ്താവിക്കുകയില്ല. അവിടുന്ന് ഒരിക്കലും പറയുകയില്ല. "വരിക, നല്ലവനും, വിശ്വസ്തനുമായ ദാസനെ" എന്ന് നല്ലവനും വിശ്വസ്തനുമായ ദാസന്മാരെ ഒഴികെ വേറാരോടും ഈ പ്രസ്താവന നടത്തുകയില്ല.

"ആ ദിവസം അതിനെ തെളിവാക്കു; അതു തീയോടെ വെളിപ്പെട്ടുവരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നെ ശോധന ചെയ്യും" (1 കൊരി. 3:13). നമ്മൾ എങ്ങനെയാണ് പ്രാർത്ഥിക്കുന്നത്, കർത്താവേ അവിടുന്ന് ഞങ്ങളുടെ ശുശ്രൂഷ ഭാഗങ്ങളിൽ കൂടി പോകേണമേ; ഞങ്ങളുടെ ജോലിയുടെ ഭാഗങ്ങളിൽ കൂടി പോകേണമേ; ഞങ്ങളുടെ ജീവിത അനുഭവങ്ങളിൽ പരീക്ഷണങ്ങളിൽ കൂടിയും ഒന്ന് പോകേണമേ ഇപ്പോൾ! പൊന്ന്, വയ്ക്കോൽ, മരം എന്നിവകൊണ്ട് ആരെങ്കിലും പണിയുന്നുവെങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും. അതു തീയോടെ വെളിപ്പെട്ടുവരും.

ചിലപ്പോഴൊക്കെ, നമ്മളുടെ സാക്ഷ്യങ്ങളിൽ അസത്യവും യഥാർത്ഥമല്ലാത്തതുമായ പല കാര്യങ്ങളും വരാറുണ്ട്. നമ്മൾ പഠിച്ചിരിക്കുകയാണ്, നല്ല സുഖകരമായ മറ്റുള്ളവരെ രോമാഞ്ചം കൊള്ളിച്ച് അവരുടെ കണ്ണുതള്ളുന്ന വാക്കുകൾ പറയുകയും, യഥാർത്ഥത്തിൽ നമ്മുടെ ജീവിത അനുഭവങ്ങളുമായിട്ടു യാതൊരു ബന്ധം ഇല്ലാത്തതുമായ ഒട്ടനവധി കാര്യങ്ങൾ. വേർപാടിനെകുറി

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ആത്മാവിന്റെ ആദ്യഫലം

ച്ചും, കർത്താവിന്റെ ക്രൂശിനെ കുറിച്ചും, ദൈവ സേവ നാർത്ഥമുള്ള സമർപ്പണത്തെ ക്കുറിച്ചും ഒക്കെ നമ്മൾ ചാപ ല്യത്തോടെ പറയുന്നതിന്റെ മുമ്പേ, നമ്മൾ ഒരു നിമിഷം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസാരത്തിൽ ഏതെങ്കിലും അനുഭവങ്ങളി ല്ലാത്ത കാര്യങ്ങൾ വാതോ രാതെ സംസാരിക്കാൻ പോകുന്നുവോ എന്ന്.

ദിവസവും തരണം ചെയ്യുക

കർത്താവ് നമ്മുടെ ഹൃദയങ്ങളിൽ സൂക്ഷ്മ പരി ശോധന നടത്തുകയാണ്. ''യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും''. യേശുക്രി സ്തുവിൽ വാഴുക എന്ന ഒരു സ്വഭാവ രൂപാന്തരത്തിനു നമ്മൾ ഓരോ ദിവസവും പല തരത്തിലുള്ള ശത്രു ഒരുക്കുന്ന കഷ്ടതകളിൽ കൂടി കടന്നു പോകേണ്ടിവരും. ശത്രുവായ വൻ ചിലപ്പോൾ ചില തെറ്റിദ്ധാ രണകളാൽ നമ്മളെ ക്ലേശിപ്പി ക്കാം. ഈ സാഹചര്യത്തിൽ നമ്മളിൽ വെളിപ്പെടുന്ന ദൈവ കൃപ പെട്ടെന്ന് കാര്യങ്ങൾ ജയത്തിലേയ്ക്കു നടത്തുക യാൽ പ്രത്യുത അവിടുത്തെ ഹിതത്തിൽ ഒരു ശിക്ഷ്യത്വം നമ്മൾക്ക് നല്കുവാനായിട്ടും കുറെ സമയങ്ങളിൽ കൂടി നമ്മളെ നടത്തിക്കൊണ്ടിരി ക്കും. ഒരു തികഞ്ഞ/പൂർണ്ണത യുള്ള ഒരു ക്രിസ്തീയ ജീവിതം നമ്മളിൽ ഉണ്ടാകു വാൻ ദൈവത്തിന്റെ കൃപ അല്പം സമയങ്ങൾ എടു ക്കുക തന്നേ ചെയ്യും. ഒരി ക്കലും അഞ്ചുമിനിട്ടിൽ ഉള്ളിൽ ഒരുവൻ ഒരു തികഞ്ഞ ശിക്ഷ്യനായി തീരുന്നില്ല.

കർത്താവിന്റെ കൃപ നമ്മൾക്ക് ലഭിക്കുകയില്ല, നമ്മൾ നമ്മുടെ സഹോദരങ്ങ ളോടു കൂട്ടായ്മ കാണിക്കുന്നി ല്ലെങ്കിൽ, കർത്താവിൽ നമ്മൾക്ക് വാഴാൻ കഴിയുകയി ല്ല. വാഴുക എന്നാൽ തരണം ചെയ്യുക എന്നതാണ് അർത്ഥ മാക്കുന്നത്. ദൈവം നമ്മളെ എവിടെയാണോ ആക്കിയിരി ക്കുന്നത്, അവിടെ നമ്മൾ വാഴ ണം. എല്ലാ ദിവസവും ദൈവം സാഹചര്യങ്ങൾ ഒരുക്കുകയാ ണ്. നമ്മൾ വാഴുവാൻ, ബുദ്ധി മുട്ടേറിയ കാര്യങ്ങൾ തരണം ചെയ്യുവാൻ. ഈ ജീവിത ത്തിലെ ചെറിയ കാര്യങ്ങളിൽ നമ്മൾ തരണം ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ എങ്ങനെ യാണ് നമ്മൾക്ക് അവിടുത്തെ സിംഹാസനത്തിൽ വാഴുവാൻ കഴിയുന്നത്? നമ്മുടെ ചുറ്റുപാ ടുമുള്ള എല്ലാവരും ദൂതന്മാരാ ണെങ്കിൽ നമ്മൾ കർത്താവി നോടു ഒരു ആഴമുള്ള ബന്ധ ത്തിൽ വളരുകയില്ല.

അപ്പോസ്തലനായ പൗലോസു പറയുന്നത് ''ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലു ള്ളതു മറന്നു മുമ്പിലുള്ളതിനു ആഞ്ഞുകൊണ്ട് ക്രിസ്തുയേ ശുവിൽ ദൈവത്തിന്റെ പരമ വിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു'' (ഫിലി. 3:14). ഇതു നമ്മുടെ ജീവിതത്തിൽ വരുത്തുന്നുവെ ങ്കിൽ, നമ്മൾ കർത്താവിനോടു ചേർന്ന് ഇരിക്കുന്നു അവി ടുത്തെ സിംഹാസനത്തിൽ, ദൈവത്തിന്റെ വചനം പഠിപ്പി ക്കുന്നു. നമ്മൾ ഈ ജീവിത ത്തിൽ വാഴുമെന്ന്, സ്വായത്ത ത്തിന്മേൽ വാഴുമെന്ന്, സാത്താ ന്റെമേൽ വാഴുമെന്ന്, ലോക ത്തിന്റെ മേൽ വാഴുമെന്ന്.

എല്ലാറ്റിലും ദൈവമായിട്ട്

ക്രിസ്തു മരിച്ചത്, നമ്മളെ വിശുദ്ധരാക്കാൻ വേണ്ടിയാണ്. സ്നേഹം എന്നുപറഞ്ഞാൽ അസൂയ/ കുശുമ്പിനെ ജയിക്കുകയാണ്. സ്നേഹമാണ് നമ്മുടെ ജീവി തത്തെ യേശുവിനെപോൽ എല്ലാറ്റിലും ആക്കി തീർക്കുന്ന ത്. ''....കർത്താവിനോടു പറ്റി ചേരുന്നവനോ അവനുമായി ഏകാത്മാവു ആകുന്നു'' (1 കൊരി. 6:17). നമ്മൾ നമ്മുടെ കർത്താവിനോടു ഒന്നായി ട്ടാണോ എല്ലാകാര്യത്തിലും ആയിരിക്കുന്നത്? വളരെ ദുഃഖ കരമായ ഒരു അനുഭവമാണ്. ഏതെങ്കിലും കാര്യങ്ങളിൽ കർത്താവിനും നമ്മൾക്കും ഇടയിൽ പരസ്പരം അറി യാതെ ഇരിക്കുന്ന അനുഭവം. കർത്താവിനാണോ നമ്മുടെ ജീവിതത്തിൽ ഒന്നാംസ്ഥാനം?

പരിശുദ്ധാത്മാവ് നമ്മളെ ക്രൂശിങ്കലേയ്ക്കു നയി ക്കുന്നു. വെയിൽസ് രാജ്യ ത്തിന്റെ ഉണർവിനെകുറി ച്ചുള്ള ഇവാൻ റോബർട്ടിന്റെ ''കാൽവറി''യിൽ താൻ എഴു തുകയാണ്, തന്റെ ആത്മാവി ലുണ്ടായ സംഘട്ടനത്തെകു റിച്ചു താൻ പറയുകയാണ്. ''കർത്താവേ, എന്നെ തിരിക്കേ ണമേ, കർത്താവേ എന്നെ തിരി ക്കേണമേ! എന്നാൽ താൻ പറ യുകയാണ് ചില കാര്യങ്ങൾ മുന്നറിയിപ്പുകളായിട്ട്. തനിക്ക് ലഭിച്ചത് കാൽവറിയുടെ സംഭ വങ്ങളുമായിട്ട് താൻ പൊരു ത്തപ്പെട്ടിരുന്നില്ല എന്നാണ്. രക്ഷിക്കപ്പെട്ടവൻ, എന്നാൽ അവന്റെ ബോധമനസ്സിൽ കർത്താവിന്റെ ക്രൂശീകരണ യാതനകൾ ഒന്നു മനസ്സിലാക്കി ഇല്ലായിരുന്നു.

കർത്താവേ എന്നെ തിരിക്കേണമേ! എന്ന് അവൻ കരഞ്ഞപ്പോൾ, പരിശുദ്ധാ ത്മാവ് അവനു കാണിച്ചത്, ''ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്ക്വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പി ക്കുന്നു'' (റോമർ 5:8). ഇവാൻ റോബർട്ടിനോട് പറഞ്ഞപ്പോൾ തനിക്ക് ബോധ്യമായി കർത്താ വിന്റെ സ്നേഹം എന്നാൽ എന്ത് എന്ന്.

ദൈവത്തിന്റെ സ്നേഹം നമ്മോടു ഇന്നും മതിയാ വോളം സംസാരിക്കുകയാണ്. നമ്മുടെ എല്ലാ കാര്യങ്ങളും കർത്താവിനായിട്ട് സമർപ്പിക്ക പ്പെട്ടിരിക്കുന്നുവോ എന്ന്. ദൈവം നമ്മെ വിളിച്ചിട്ട് ചോദി ക്കുകയാണ് നമ്മുടെ ജീവിതം മുഴുവനായിട്ടു കർത്താവിനാ യിട്ട് സമർപ്പിക്കപ്പെട്ടിരിക്കുക യാണോ എന്ന ആ സ്വാർ ത്ഥത ഇല്ലാത്ത സ്നേഹവും ധ്യാനവുമെല്ലാം കർത്താവിനു പ്രസാദകരമായി തീരുന്നതു. അങ്ങനെ സർവ്വവും അവനു വേണ്ടിയും അവനാലും സമർപ്പിക്കപ്പെട്ടിരിക്കുന്നു വെന്നു അവിടുത്തെ മഹിമാസ നത്തിന്റെ മുമ്പാകെ കളങ്കമില്ലാ ത്തവരായിട്ട് നമ്മൾക്ക് നില്ക്കുവാൻ സർവ്വ കൃപാലു വായ കർത്താവ് നമ്മെ ധാരാ ളമായിട്ട് സഹായിക്കട്ടെ! ❖

(6-ാംപേജിന്റെ തുടർച്ച)

ആത്മനിറവിൽ ജീവിക്കുന്ന ഒരുവന്റെ സ്നേഹം

നമ്മുടെ ഹൃദയങ്ങളിൽ വള രട്ടെ! സൂര്യൻ ചൂട് പുല്ലു കൾക്ക് സൗജന്യമായിട്ടു നല്കുന്നു. അവയെല്ലാം വളർന്ന് ഫലങ്ങൾ പുറപ്പെടു വിക്കുവാൻ വേണ്ടി. അതു പോലെ ദൈവവും ഔദാര്യ മായിട്ടു അവിടുത്തെ സ്നേഹം തങ്ങളിലേക്കു നല്കിയിരിക്കു കയാണ് അനന്തമായ അള വിൽ. അല്ലയോ, ദൈവമക്കളെ നിങ്ങൾ ചിന്തിക്കുന്നുണ്ടോ, നിങ്ങൾക്ക് പ്രാർത്ഥിക്കുവാൻ സാധിക്കുകയില്ലെന്ന്? ഈ ദൈവീക വചനങ്ങൾ നിങ്ങ ളുടെ ഹൃദയങ്ങളിലേക്കു സ്വീകരിക്കുകയും അത് താങ്ക ളുടെ ഹൃദയത്തിൽ വളരു കയും ചെയ്യട്ടെ! നിങ്ങൾക്ക് വേണ്ടി കർത്താവ് ചെയ്യു വാൻ പോകുന്ന വാഗ്ദത്ത ങ്ങളെകുറിച്ചുള്ള ഒരു നല്ല അവബോധം ഉണ്ടാകട്ടെ! അവിടുന്നു നിങ്ങൾക്ക് സമൃ ദ്ധിയായ സ്നേഹം നിങ്ങൾക്ക് നല്കിതരട്ടെ! നിങ്ങളുടെ ഹൃദ യങ്ങളെ ബലപ്പെടുത്തട്ടെ! അവിടുത്തെ മുമ്പാകെ ഒരു വിശുദ്ധജീവിതം നയിക്കുവാ നും, മറ്റുള്ളവരെ ആഴമായിട്ടു സ്നേഹിക്കുവാനും കർത്താവ് സഹായിക്കട്ടെ! കർത്താവേ, പ്രാർത്ഥിക്കുവാൻ എന്നെ പഠി പ്പിക്കുക. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975